Madhyamam 29/02/2020

റൂറൽ ഇന്ത്യ ബിസിനസ് കോൺഫറൻസ്

കാസർകോട്: കേരള സ്റ്റാർട്ട് അപ് മിഷനും സി.പി.സി.ആർ.ഐ കാസർകോടും സംയുക്തമായി സംഘടിപ്പിക്കുന്ന റൂറൽ ഇന്ത്യ ബിസിനസ് കോൺഫറൻസ് മാർച്ച് ഒന്നിന് രാവിലെ 10 മണിക്ക് റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. മാർച്ച് ഒന്നിനും രണ്ടിനുമാണ് പരിപാടി.

മുഖ്യാതിഥിയായി 'പവർ വിമൻ ഓഫ് ഇന്ത്യ' എന്നറിയപ്പെടുന്ന ചാവി രജാവത് പങ്കെടുക്കും. ചെറിയ പ്രായത്തിൽ തന്നെ കോർപറേറ്റ് ജീവിതം ഉപേക്ഷിച്ച് സ്വന്തം നാടായ രാജസ്ഥാനിലെ സോഡാ ഗ്രാമത്തിൽ അധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ടു. നിരവധി അടിസ്ഥാന വികസന പ്രവർത്തനങ്ങളും സ്ത്രീ ശാക്തീകരണ പരിപാടികളും ആവിഷ്കരിച്ചു നടപ്പിലാക്കി ലോക ശ്രദ്ധനേടിയ ചാവി രജാവത് വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ യങ് ഗ്ലോബൽ ലീഡർ അവാർഡ് ജേതാവാണ്. 'സാങ്കേതികതയിലൂടെ ഇന്ത്യയുടെ ഗ്രാമങ്ങളെയും കാർഷിക മേഖലയെയും ശക്തിപ്പെടുത്തുക' എന്ന പ്രമേയം ആസ്പദമാക്കി ഇന്ത്യയിലെ അറിയപ്പെടുന്ന സ്റ്റാർട്ടപ് സംരംഭകരുടെ അനുഭവങ്ങൾ പങ്കുവെക്കുന്ന ഫൗണ്ടേഴ്സ് ടോക്ക്, ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരും അക്കാദമിക് വിദഗ്ധരും സ്റ്റാർട്ടപ് സംരംഭകരും തമ്മിലുള്ള പാനൽ ഡിസ്കഷൻ,നിക്ഷേപക-സംരംഭക സംഗമം എന്നിവ നടക്കും.

ആദ്യ ദിനം കേരള സ്റ്റാർട്ട് അപ് മിഷൻ സി.ഇ.ഒ ഡോ.സജി ഗോപിനാഥ്, ഫ്രഷ് ടു ഹോം എന്ന ഡെലിവറി സ്റ്റാർട്ടപ്പിലൂടെ ലോകശ്രദ്ധ നേടിയ മാത്യൂസ്, ഉൾനാടൻ ഗ്രാമങ്ങളിലെ ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് വേണ്ടി സേവ് മോം എന്ന ഡിജിറ്റൽ സിസ്റ്റം വികസിപ്പിച്ചെടുത്ത സെന്തിൽ കുമാർ,10 സംസ്ഥാനങ്ങളിലായി ആയിരത്തിലധികം വറ്റിവരണ്ട കുഴൽ കിണറുകൾ റീചാർജ് ചെയ്ത് ശ്രദ്ധേയനായ സിക്കന്തർ മീര നായിക്, തെങ്ങോലയിൽ നിന്നും സ്ട്രോ നിർമിച്ച് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഡോ. സജി വർഗീസ്, മാലിന്യത്തിൽ നിന്നും കോടികൾ വിലമതിക്കുന്ന സ്റ്റാർട്ടപ് സംരംഭം പടുത്തുയർത്തിയ ഗ്രീൻ വേർമസ് സഹ സ്ഥാപകൻ ജംഷീർ എന്നിവർ സംബന്ധിക്കും. സ്റ്റാർട്ടപ് മെൻറർ നാഗരാജ പ്രകാശം രണ്ടാം ദിനം സോഷ്യൽ-അഗ്രി സ്റ്റാർട്ടപ്പുകളുടെ സാധ്യതകളെ കുറിച്ച് സംസാരിക്കും. കാർഷിക മേഖലയിലെ നൂതന ടെക്നോളജികൾ,സംരംഭക സാധ്യതകൾ,സംരംഭം തുടങ്ങാൻ നൽകുന്ന സാമ്പത്തിക സഹായങ്ങളെ കുറിച്ച് ഇന്ത്യയിലെ വ്യത്യസ്ത സ്ഥാപനങ്ങളിലെ പ്രതിനിധികൾ ക്ലാസെടുക്കും. സംരംഭം തുടങ്ങാനാവശ്യമായ നിയമ സഹായങ്ങളെ കുറിച്ച് നിയമ വിദഗ്ധൻ ഹരികൃഷ്ണൻ സി.എ ക്ലാസ് കൈകാര്യം ചെയ്യും. റൂറൽ ഇന്ത്യ ബിസിനസ് കോൺഫറൻസിൽ പങ്കെടുക്കാൻ https://startupmission.in/rural_business_conclave/ എന്ന വെബ്സൈറ്റിൽ മുൻകൂറായി രജിസ്റ്റർ ചെയ്യണം. ഡോ. അനിത കരുൺ, സവാദ്, കെ. മുരളീധരൻ എന്നിവർ വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.